**പതിമൂന്നാം കേരള നിയമസഭ**

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014–2016)

## ഏഴാമത് റിപ്പോർട്ട്

(2014 ജൂൺ 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനം സംബന്ധിച്ച്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014–2016)

## ഏഴാമത് റിപ്പോർട്ട്

(2014 ജൂൺ 18-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനം സംബന്ധിച്ച്**

1084/2014.

## ഉള്ളടക്കം

*പേജ്*

| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |

## പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)

## **സമിതിയുടെ ഘടന**

അദ്ധ്യക്ഷൻ :

ശ്രീ. സി. പി. മുഹമ്മദ്.

അംഗങ്ങൾ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

,, എ. എം. ആരിഫ്

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

,, കെ. എം. ഷാജി

,, എം. വി. ശ്രേയാംസ് കുമാർ

,, പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീമതി എസ്. ബിന്ദു, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

## മുഖവുര

സംസ്ഥാനത്ത് നിയമാനുസൃതവും അല്ലാത്തതുമായ ധാരാളം കരിങ്കൽ ക്വാറികളും മെറ്റൽ ക്രഷറുകളും പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ക്വാറികളും ക്രഷറുകളും ചേർന്ന് പ്രത്യക്ഷമായും പരോക്ഷമായും ഉയർത്തിയിരിക്കുന്ന വിവിധതരത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും ആരോഗ്യപ്രശ്നങ്ങളും ഒരു വൻ വെല്ലുവിളിയായി തീർന്നിരിക്കുകയാണ്. സംസ്ഥാനത്തെ അനിയന്ത്രിതമായ ക്വാറി ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനംമൂലം ഉണ്ടായിട്ടുള്ള നിരവധി പ്രശ്നങ്ങൾ സംബന്ധിച്ച് ചർച്ചകൾ നടന്നുവരുന്നുണ്ടെങ്കിലും ഇക്കാര്യത്തിൽ ഒരു സമവായത്തിൽ എത്തിച്ചേരുവാനോ അനിയന്ത്രിതമായ പ്രകൃതി ചൂഷണം നിയന്ത്രിക്കുവാനോ കാര്യമായ ഒരു പരിശ്രമവും ഒരു ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നത് ഖേദകരമായൊരു വസ്തുതയാണ്. 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമാണ് കേരളത്തിലെ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുന്നത്. പാറഖനനംമൂലം മനുഷ്യരിലുണ്ടാകുന്ന ശ്വാസകോശ രോഗങ്ങൾ, ശബ്ദമലിനീകരണം, വായു മലിനീകരണം, പരിസ്ഥിതിക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ, ക്വാറികളിലെ അപകട മരണങ്ങൾ, ക്രഷർ യൂണിറ്റുകളിൽ നിന്നുണ്ടാകുന്ന നാശം, വനത്തിനോട് ചേർന്ന് കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നതുമൂലം വൻതോതിലുണ്ടാകുന്ന പാരിസ്ഥിതികാഘാതങ്ങൾ, ജലസ്രോതസ്സുകൾക്കുണ്ടാകുന്നനാശം, വനത്തിനും വന്യജീവികൾക്കുമുണ്ടാകുന്ന ദോഷം, വീടുകൾക്കും മറ്റ് കെട്ടിടങ്ങൾക്കുമുണ്ടാകുന്ന നാശനഷ്ടങ്ങൾ എന്നിവ സംബന്ധിച്ച ആധികാരികമായ ഒരു പഠനം നാളിതുവരെ ഉണ്ടായിട്ടുള്ളതായി കാണുന്നില്ല. അതുപോലെ വികസനത്തിന്റെ ആവശ്യങ്ങളും പ്രകൃതിയെ പരമാവധി സംരക്ഷിച്ച് ഭാവി തലമുറയ്ക്ക് കൈമാറുവാനുള്ള ഉത്തരവാദിത്വവും കണക്കിലെടുത്ത്, ഓരോ വർഷവും സംസ്ഥാനത്തിനാവശ്യമായ ധാതുവിന്റെ അളവും ഇത് പ്രകൃതിയെ ഹനിക്കാതെ സംസ്ഥാനത്തിന്റെ ഏതൊക്കെ പ്രദേശങ്ങളിൽനിന്ന് എത്ര അളവിൽ എത്രനാൾ എടുക്കാൻ സാധിക്കും എന്നുമുള്ള വ്യക്തമായ കണക്കും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ കൈവശമുള്ളതായി കാണുന്നില്ല. ഈ സാഹചര്യത്തിലാണ് സംസ്ഥാനത്തെ കരിങ്കൽ ക്വാറികളുടെ പ്രവർത്തനം സംബന്ധിച്ച് സമഗ്രമായ ഒരു പഠനം നടത്തുവാൻ സമിതി തീരുമാനിച്ചത്. സമിതിക്ക് ലഭിച്ച നിവേദനങ്ങൾ, അതിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച മറുപടികൾ, പരിസ്ഥിതി, വ്യവസായം, റവന്യൂ, തദ്ദേശസ്വയംഭരണം, വനം വന്യജീവി എന്നീ വകുപ്പുകളിലെയും സെസ്സിലെയും ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ച എന്നിവയുടെ അടിസ്ഥാനത്തിലുള്ള സമിതിയുടെ നിഗമനങ്ങളും അതിൻപ്രകാരമുള്ള ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ഈ റിപ്പോർട്ട് 2014 ഫെബ്രുവരി 12, മേയ് 14 എന്നീ തീയതികളിൽ കൂടിയ സമിതിയോഗം അംഗീകരിച്ചു.

സി. പി. മുഹമ്മദ്,
*ചെയർമാൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 മേയ് 14.

# റിപ്പോർട്ട്

കേരളത്തിലെ പ്രകൃതി സമ്പത്തിന്റെ അമിതവും അനിയന്ത്രിതവുമായ ചൂഷണം പരിസ്ഥിതിക്കും ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയ്ക്കും വളരെയധികം പ്രത്യാഘാതങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഒരു ചുറ്റുപാടിലാണ് നാം ജീവിക്കുന്നത്. സംസ്ഥാനത്ത് നിയമാനുസൃതവും അല്ലാത്തതുമായ ധാരാളം കരിങ്കൽ ക്വാറികളും മെറ്റൽ ക്രഷറുകളും പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ക്വാറികളും ക്രഷറുകളും ചേർന്ന് പ്രത്യക്ഷമായും പരോക്ഷമായും ഉയർത്തിയിരിക്കുന്ന വിവിധ തരത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങളും ആരോഗ്യ പ്രശ്നങ്ങളും സമൂഹത്തിന് ഒരു വൻ വെല്ലുവിളിയായി തീർന്നിരിക്കുകയാണ്. നിലവിലുള്ള നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായും സംസ്ഥാനത്തെ സാധാരണ ജനങ്ങളുടെ സ്വൈരജീവിതത്തിനും വൈവിധ്യമാർന്ന ജൈവസമ്പത്തിനും കോട്ടം തട്ടാത്ത വിധത്തിലും ക്വാറികളും ക്രഷറുകളും പ്രവർത്തിക്കുന്നതിനാവശ്യമായ ശക്തമായ ഒരു സാമൂഹ്യ ഇടപെടൽ അനിവാര്യമായിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് കേരള നിയമസഭയിലെ പരിസ്ഥിതി സംബന്ധിച്ച സമിതി ഇക്കാര്യത്തെക്കുറിച്ച് സമഗ്രമായി പഠിച്ച് അതിന്റെ നിർദ്ദേശങ്ങളും ശിപാർശകളും ഉൾപ്പെടുത്തി ഈ റിപ്പോർട്ട് സമർപ്പിക്കുന്നത്.

2. സംസ്ഥാനത്തെ അനിയന്ത്രിതമായ ക്വാറി ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനംമൂലം ഉണ്ടായിട്ടുള്ള വൈവിദ്ധ്യമാർന്നതും സങ്കീർണ്ണമായതുമായ നിരവധി പ്രശ്നങ്ങൾ സംബന്ധിച്ച് പൊതുവായ ചർച്ചകളും സംവാദങ്ങളും നടന്നുവരുന്നെങ്കിലും ഇക്കാര്യത്തിൽ ഒരു സമവായത്തിൽ എത്തിച്ചേരാനോ അനിയന്ത്രിതമായ ഇത്തരം പ്രകൃതി ചൂഷണം നിയന്ത്രിക്കുവാനോ കാര്യമായ ഒരു പരിശ്രമവും ഒരു ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്നത് ഖേദകരമായൊരു വസ്തുതയാണ്. പല സ്ഥലങ്ങളിലും ക്വാറികളുടെ പ്രവർത്തനംമൂലം അതിനു ചുറ്റാകെയുള്ള ജലസ്രോതസ്സുകളിലെ വെള്ളത്തിന്റെ അളവ് കുറയുന്നു, ചില സ്ഥലങ്ങളിൽ ജലം കിട്ടാതെയും വരുന്നു. പാറ നഷ്ടപ്പെടുമ്പോൾ ജലശേഖരണത്തിനുള്ള ഭൂമിയുടെ ശേഷിയും നഷ്ടപ്പെടുന്നു. ഖനനം മൂലമുണ്ടാകുന്ന അഗാധഗർത്തങ്ങൾ ജീവന് നിരന്തര ഭീഷണി ഉയർത്തിക്കൊണ്ട് നികത്തപ്പെടാതെ കിടക്കുകയും, ക്രഷർ യൂണിറ്റുകളിൽ നിന്നുള്ള പൊടിപടലങ്ങൾ അന്തരീക്ഷത്തിൽ ആകമാനം വ്യാപിക്കുന്നതുമൂലം അലർജി തുടങ്ങിയ ശ്വാസകോശ രോഗങ്ങൾ ജനങ്ങളെ ബാധിക്കുകയും ഡ്രെയിനേജ് സംവിധാനം കാര്യക്ഷമമല്ലാത്ത പാറമടകളിൽനിന്നും പാറപ്പൊടി ഒഴുകി കൃഷിയിടങ്ങളും മറ്റും നശിക്കുകയും ചെയ്യുന്നു. കൂടാതെ പാറയും മറ്റ് ഖനിജങ്ങളും കയറ്റിയ ലോറികളുടെ നിരന്തര സഞ്ചാരംമൂലം പാറമടകളോട് ചേർന്ന റോഡുകൾ താറുമാറാകുന്നതുമൂലം സാധാരണ ജനങ്ങളുടെ ഗതാഗത സൗകര്യം ബുദ്ധിമുട്ടിലാകുന്നു. അതുപോലെ ഉഗ്രശേഷിയുള്ള സ്ഫോടനം നടത്തി പാറ പൊട്ടിക്കുന്നതു മൂലമുണ്ടാകുന്ന ശബ്ദമലിനീകരണം ജനങ്ങളുടെ സ്വൈരജീവിതത്തിന് തടസ്സമാകുന്നു. മേൽപ്പറഞ്ഞ കാരണങ്ങളാൽ ഖനനപ്രവർത്തനങ്ങളെ എതിർക്കുവാൻ പരിസരവാസികൾ നിർബന്ധിതരാവുന്നു. ഇതുമൂലം ഉണ്ടാകുന്ന ആക്രമണ ഭീഷണിയും മറ്റ് ക്രിമിനൽ മാഫിയാ പ്രവർത്തനങ്ങളും ക്വാറികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇന്ന് സംസ്ഥാനം നേരിടുന്ന ഏറ്റവും ഗൗരവമേറിയ ക്രമസമാധാന പ്രശ്നങ്ങളായി മാറിക്കഴിഞ്ഞതായി സമിതി വിലയിരുത്തുന്നു. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നാൽപ്പതോളം നിവേദനങ്ങൾ സമിതി മുമ്പാകെ ലഭിച്ചിട്ടുണ്ട്. അവ ഈ റിപ്പോർട്ടിന്റെ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

3. സമിതിക്ക് ലഭിച്ച നിവേദനങ്ങളിൽ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്കിൽ അമ്പലവയൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കരിങ്കൽ ക്വാറികളെക്കുറിച്ചുള്ളവ ഏറെയാണ്. ഏതൊരു നിയന്ത്രണവും പാലിക്കാതെയുള്ള ക്വാറികളുടെ പ്രവർത്തനം വർദ്ധിച്ചു വരുന്നതിനാൽ ജനജീവിതം ദുസ്സഹമാകുന്നു വെന്നും ചരിത്ര സ്മാരകങ്ങൾക്കും വിനോദസഞ്ചാര കേന്ദ്രങ്ങൾക്കും പൊതുമുതലിനും ഇവ ഭീഷണി ആകുന്നുവെന്നും ക്വാറികൾക്ക് ലൈസൻസ് നൽകുന്നതിന് മുമ്പ് ഉറപ്പു വരുത്തേണ്ടതായ നിബന്ധനകൾ പാലിക്കുന്നില്ല എന്നതുമാണ് പ്രധാന പരാതികൾ. കൂടാതെ ക്വാറികൾക്ക് റവന്യൂ, ജിയോളജി എന്നീ വകുപ്പുകളും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവും നൽകേണ്ടതായ ലൈസൻസ് നൽകുന്നതിലെ അപാകത സംബന്ധിച്ചും ഉഗ്രശക്തിയുള്ള സ്ഫോടക വസ്തുക്കളുടെ ഉപയോഗംമൂലം പരിസരവാസികളുടെയും ക്വാറി തൊഴിലാളികളുടെ സുരക്ഷിതത്വത്തിന് ഉണ്ടായിട്ടുള്ള ഭീഷണിയെ സംബന്ധിച്ചുമുള്ള പരാതികളും നിരവധിയാണ്.

4. 1967-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ചാണ് കേരളത്തിലെ ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുന്നത്. ക്വാറികൾ ലൈസൻസ് നേടിയതിനുശേഷം മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണോ പ്രവർത്തിക്കുന്നതെന്ന് പരിശോധിക്കുകയും പരിസ്ഥിതി ആഘാത പഠനം കൃത്യമായ ഇടവേളകളിൽ നടത്തുകയും ചെയ്യുന്നതുവഴി പരിസ്ഥിതിക്കും പരിസരവാസികൾക്കും ദോഷം വരുത്തുന്ന ക്വാറി പ്രവർത്തനങ്ങൾ നിയന്ത്രിക്കുവാനോ നിർത്തലാക്കുവാനോ കഴിയുന്നതാണ്. നിബന്ധനകൾ പാലിക്കാതെയുള്ള പാറഖനനംമൂലം മനുഷ്യരിലുണ്ടാകുന്ന ശ്വാസകോശ രോഗങ്ങൾ, ശബ്ദമലിനീകരണം, വായു മലിനീകരണം, പരിസ്ഥിതിക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ, ക്വാറികളിലെ അപകടമരണങ്ങൾ, ക്രഷർ യൂണിറ്റുകളിൽ നിന്നുണ്ടാകുന്ന പൊടിമൂലം സസ്യങ്ങൾക്കും കൃഷിയിടങ്ങൾക്കുമുണ്ടാകുന്ന നാശം, വനത്തിനോട് ചേർന്ന് കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നതുമൂലം വൻതോതിലുണ്ടാകുന്ന പാരിസ്ഥിതികാഘാതങ്ങൾ, ജലസ്രോതസ്സുകൾക്കുണ്ടാകുന്ന നാശം, വനത്തിനും വന്യജീവികൾക്കുമുണ്ടാകുന്ന ദോഷം, വീടുകൾക്കും മറ്റ് കെട്ടിടങ്ങൾക്കുമുണ്ടാകുന്ന നാശനഷ്ടങ്ങൾ എന്നിവ സംബന്ധിച്ച ആധികാരികമായ ഒരു പഠനം നാളിതുവരെ ഉണ്ടായിട്ടുള്ളതായി കാണുന്നില്ല. ഈ സാഹചര്യത്തിലാണ് സംസ്ഥാനത്തെ എല്ലാ തരം കരിങ്കൽ ക്വാറികളുടെയും പ്രവർത്തനം സംബന്ധിച്ച് സമഗ്രമായ ഒരു പഠനം നടത്തുവാൻ സമിതി തീരുമാനിച്ചത്. സമിതിക്ക് ലഭിച്ച നിവേദനങ്ങൾ, അതിന്മേൽ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച മറുപടികൾ, പരിസ്ഥിതി,വ്യവസായം, റവന്യൂ, തദ്ദേശസ്വയംഭരണം, വനം വന്യജീവി എന്നീ വകുപ്പുകളിലെയും സെസ്സിലെയും ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ച എന്നിവയുടെ അടിസ്ഥാനത്തിലുള്ള സമിതിയുടെ നിഗമനങ്ങളും അതിൻപ്രകാരമുള്ള ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

5. കേരളത്തിലെ ഭൂപ്രകൃതി, പരിസ്ഥിതി, പാറകളുടെ ശേഖരം എന്നിവയെക്കുറിച്ചും പാറ ഖനനംമൂലം പരിസ്ഥിതിക്കുണ്ടാകുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും കാലാകാലങ്ങളിൽ ആവശ്യമായ പഠനം നടത്തേണ്ടതും കൃത്യമായ വിവരം ക്രോഡീകരിച്ച് പഞ്ചായത്ത്, റവന്യൂ, തദ്ദേശസ്വയംഭരണം, പരിസ്ഥിതി എന്നീ വകുപ്പുകൾക്ക് നൽകേണ്ടതും മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ചുമതലയാണെന്ന് സമിതി

കരുതുന്നു. ദീപക് കുമാർ വേഴ്സസ് സ്റ്റേറ്റ് ഓഫ് ഹരിയാന കേസ്സിൽ സുപ്രീം കോടതി വിധി വന്നതിനുശേഷം എൻവയോൺമെന്റൽ ഇംപാക്ട് അസ്സസ്സ്മെന്റ് (EIA) ക്ലിയറൻസ് ഖനനപ്രവർത്തനങ്ങൾക്ക് നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് കോഴിക്കോടും കാസർഗോഡും ഒഴികെയുള്ള എല്ലാ ജില്ലകളിലും ക്വാറി മാപ്പിംഗ് നടത്തുകയും ഓരോ ജില്ലയിലും ഇപ്പോഴുള്ള ക്വാറികളുടെ എണ്ണം എത്രയെന്നും ഓരോന്നിൽനിന്നും എത്ര അളവ് പാറപൊട്ടിച്ചിട്ടുണ്ടെന്നുമുള്ള കണക്കെടുത്തിട്ടുണ്ടെങ്കിലും പാരിസ്ഥിതിക പ്രശ്നങ്ങൾ ഇല്ലാതെ ഇനിയും എത്ര ടൺ പാറ പൊട്ടിക്കുവാൻ കഴിയുമെന്ന് ശാസ്ത്രീയമായി കണക്കാക്കിയിട്ടില്ല. കേരളത്തിലെ 14 ജില്ലകളിലെയും പാറക്വാറികളെ സംബന്ധിച്ച വിശദവിവരം ഈ റിപ്പോർട്ടിന്റെ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

6. ഭൂമിയുടെ തനതായുള്ള ജൈവാവസ്ഥയ്ക്കും പാരിസ്ഥിതിക സന്തുലിതാവസ്ഥയ്ക്കും വലിയ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കാതെ ഖനനം ചെയ്യാവുന്ന പാറകളെ സംബന്ധിച്ചും യാതൊരു കാരണവശാലും ഖനനം പാടില്ലാത്ത പാറകളെ സംബന്ധിച്ചുമുള്ള കൃത്യമായ വിവരം മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പക്കൽ ഉണ്ടാകേണ്ടതാണ്. പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കണം മറ്റ് വകുപ്പുകൾ പാറ ഖനനത്തിന് ലൈസൻസ് നൽകേണ്ടത്. നിലവിലുള്ള രീതിയിൽ പാറ ഖനനം തുടർന്നാൽ സമീപഭാവിയിൽ കേരളത്തിൽ പാറ ഉണ്ടാകുകയില്ല എന്ന കാര്യത്തിലും പാറയില്ലെങ്കിൽ പശ്ചിമഘട്ടവും തന്നെയുണ്ടാവുകയില്ല എന്ന കാര്യത്തിലും ആർക്കെങ്കിലും തർക്കമുണ്ടെന്ന് കരുതുന്നില്ല. സംസ്ഥാനത്ത് നിലവിലുള്ള പാറകളെപ്പറ്റിയും പ്രകൃതിക്കും പരിസ്ഥിതിക്കും ഗുരുതരമായ ആഘാതങ്ങൾ ഉളവാക്കാതെ അവയിൽ ഓരോന്നിൽനിന്നും ഖനനം ചെയ്യാവുന്ന പാറകളുടെ അളവിനെ പറ്റിയും കൃത്യമായ വിവരങ്ങൾ തയ്യാറാക്കി സൂക്ഷിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഇതിനായുള്ള പഠനത്തിന്റെ നേതൃത്വം സെസ്സിനെ ഏൽപ്പിക്കണമെന്നും സംസ്ഥാനത്തുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും സേവനംകൂടി പ്രയോജനപ്പെടുത്തി ഒരു വർഷത്തിനകം പ്രസ്തുത പഠനം പൂർത്തിയാക്കി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

7. സംസ്ഥാനത്ത് നിലവിൽ ലൈസൻസുള്ളതും ഇല്ലാത്തതുമായ എത്ര ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെന്നത് സംബന്ധിച്ച വ്യക്തമായ ഒരു കണക്ക് തെളിവെടുപ്പ് വേളയിൽ സമിതിക്ക് ലഭ്യമാക്കുവാൻ റവന്യൂ, പരിസ്ഥിതി, വ്യവസായം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾക്ക് കഴിഞ്ഞില്ല. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ക്വാറികളുടെ പ്രവർത്തനം നിർത്തിവയ്പ്പിക്കുന്നതിനുള്ള നടപടി പഞ്ചായത്ത് വകുപ്പിൽ നിന്നും സ്വീകരിച്ചു വരുന്നുവെന്നും ഇതിന് പോലീസ് വകുപ്പിന്റെ സഹായം തേടാറുണ്ടെന്നും എന്നാൽ ഇവയ്ക്കെതിരെ കേസ്സെടുക്കുന്നതിന് പഞ്ചായത്തിന് അധികാരമില്ലെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തെളിവെടുപ്പ് വേളയിൽ സമിതിയെ അറിയിച്ചു. മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് കേസ്സ് ചാർജ്ജ് ചെയ്യുകയും ഫൈൻ ഈടാക്കുകയും ചെയ്യുന്നുണ്ടെന്നും അയ്യായിരം രൂപ കോമ്പൗണ്ടിംഗ് ചാർജ്ജ് ഈടാക്കുന്നതിനു വ്യവസ്ഥയുണ്ടെന്നും 25,000 രൂപ വരെ പിഴ ഈടാക്കാറുണ്ടെന്നും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. അനധികൃത ഖനനത്തിനുള്ള ശിക്ഷ തുച്ഛമായ ഫൈൻ മാത്രമായി നിലനിൽക്കുന്നത് വാസ്തവത്തിൽ അനധികൃത

ഖനനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് തുല്യമാണെന്നും ലൈസൻസ് നേടാതെ പാറ പൊട്ടിക്കുന്നവരിൽനിന്നും ഫൈൻ ഈടാക്കിയതു കൊണ്ടു മാത്രം കാര്യമില്ലെന്നും അവർക്ക് ജയിൽ ശിക്ഷ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ നിയമംമൂലം ഉറപ്പിക്കുക യാണു വേണ്ടതെന്നും ആയതിന് ആവശ്യമായ വ്യവസ്ഥകൾ ബന്ധപ്പെട്ട നിയമങ്ങളിൽ ഉൾക്കൊള്ളിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

8. ക്വാറികളുടെ പ്രവർത്തനംമൂലം ഏതെങ്കിലും തരത്തിലുള്ള നാശനഷ്ടം ഉണ്ടായാൽ പ്രസ്തുത നഷ്ടം പരിഹരിക്കുവാൻ ഖനനാനുമതി നേടിയ വ്യക്തി ബാധ്യസ്ഥനാണ്. എന്നാൽ ഇതുവരെ അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലെന്ന് ബന്ധപ്പെട്ട വകുപ്പിൽനിന്നും സമിതി മനസ്സിലാക്കുന്നു. ഖനന പ്രവർത്തനംമൂലം പരിസര പ്രദേശങ്ങളിൽ നാശനഷ്ടങ്ങൾ ഉണ്ടാക്കാതിരിക്കുക എന്നത് ഖനനാനുമതി നേടുന്നവരുടെ ഉത്തരവാദിത്വമായതിനാൽ ഖനന പ്രവർത്തനം മൂലമുള്ള നാശനഷ്ട ങ്ങൾക്കുള്ള നഷ്ടപരിഹാരം ഖനനം ചെയ്യുന്നവരിൽനിന്ന് ഈടാക്കുവാനുള്ള നടപടി കൾ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കണമെന്നും ഖനനവുമായി ബന്ധപ്പെട്ട് പൊതുമുതൽ നശിപ്പിക്കുന്നവർക്കെതിരെ ക്രിമിനൽ നടപടി ചട്ടമനുസരിച്ചുള്ള ശിക്ഷാനടപടികൾ എടുക്കുന്നതിനുള്ള സാധ്യതകൂടി സർക്കാർ ആരായണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

9. ക്വാറി ആക്സിഡന്റിനെക്കുറിച്ച് ഡോ. കെ. പി. ത്രിവിക്രംജിയുടെ നേതൃത്വ ത്തിൽ ഒരു പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും ക്വാറി അപകടങ്ങൾ ഒഴിവാക്കുവാൻ സ്വീകരിക്കേണ്ട നടപടികളായ ഫെൻസിംഗ്, ബഞ്ച് കട്ടിംഗ് തുടങ്ങി റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പാലിക്കണമെന്ന് എല്ലാ ക്വാറികൾക്കും മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എന്നാൽ ഇവ പാലിക്കപ്പെടുന്നുണ്ടോ എന്നറിയുവാൻ യാതൊരുവിധ പരിശോധനയും സർക്കാർ തലത്തിൽ നടക്കുന്നില്ല എന്നും സമിതി മനസ്സിലാക്കുന്നു. 1967-ലെ കേരള സംസ്ഥാന മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ വ്യവസ്ഥകളോ മറ്റു നിയന്ത്രണങ്ങളോ പാലിക്കാതെ സംസ്ഥാനത്തുപ്രവർത്തിക്കുന്ന ക്വാറികൾ കണ്ടെത്തുവാനോ അവയ്ക്കെതിരെ കർശന നടപടി സ്വീകരിക്കുവാനോ സർക്കാരിന്റെ ബന്ധപ്പെട്ട ഒരു വകുപ്പും തയ്യാറാകുന്നില്ല എന്നത് സർക്കാരിന്റെ ഭാഗത്തെ കുറ്റകരമായ വീഴ്ചയായി സമിതി കരുതുന്നു. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്വാറികൾ അനുമതി നേടിയവയാണോ വ്യവസ്ഥകൾ പാലിച്ചാണോ പ്രവർത്തിക്കുന്നത്, സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി യിട്ടുണ്ടോ എന്നീ കാര്യങ്ങൾ പരിശോധിക്കുന്നതിനും അല്ലാത്തവയ്ക്കെതിരെ കേസ് ചാർജ്ജ് ചെയ്ത് നടപടി സ്വീകരിക്കുന്നതിനും ആവശ്യമായ നിയമ വ്യവസ്ഥകളും വകുപ്പുതല ക്രമീകരണങ്ങളും അടിയന്തരമായി ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. പെർമിറ്റ് ഇല്ലാത്ത ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കേണ്ടിവരുമെന്നതിനാൽ താഴെതലത്തിലുള്ള ഉദ്യോഗസ്ഥർ ഇത്തരത്തിലുള്ള ക്വാറികളെക്കുറിച്ച് വിവരം നൽകില്ലെന്നും അതിനാൽ ഇക്കാര്യത്തിൽ ഒരു പ്രായോഗിക ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടെന്നും പെർമിറ്റുള്ളതും ഇല്ലാത്തതുമായ ക്വാറികളുടെ എണ്ണം കണ്ടുപിടിക്കാൻ 2008-ൽ ഒരു ശ്രമം നടത്തിയെങ്കിലും

അതിനു കഴിഞ്ഞില്ലെന്നും റവന്യൂ വകുപ്പിൽനിന്നും ലഭിച്ച വിവരങ്ങൾ വ്യക്തമാക്കുന്നു. ഇത് ഒരു ശരിയായ നടപടിയായി സമിതി കരുതുന്നില്ല. അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികൾ കണ്ടെത്തി നടപടി സ്വീകരിക്കുവാനുള്ള ഉത്തരവാദിത്വം ചട്ടങ്ങളിൽ ഉൾപ്പെടുത്തി ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥരെ ഏൽപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. സംസ്ഥാനത്തെ ക്വാറികളെ സംബന്ധിച്ച് ഉദ്യോഗസ്ഥർ നൽകുന്ന വിവരം സംബന്ധിച്ച് പരിശോധന നടത്തുവാൻ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു സംയുക്ത സ്ക്വാഡ് സംവിധാനം ഏർപ്പെടുത്തണ മെന്നും സമിതി നിർദ്ദേശിക്കുന്നു.

11. ക്രഷർ/ക്വാറികളിൽ നിന്നുള്ള മലിനീകരണവുമായി ബന്ധപ്പെട്ട് റവന്യൂ, പരിസ്ഥിതി എന്നീ വകുപ്പുകൾ ആവശ്യപ്പെട്ട അവസരങ്ങളിൽ സെസ്സ് പഠനം നടത്തിയിട്ടുണ്ടെന്നും പരിസ്ഥിതി ആഘാത പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കണ മെന്നാവശ്യപ്പെട്ടാൽ അപ്രകാരം ചെയ്യുന്നതാണെന്നും എന്നാൽ കേരളത്തിലെ മുഴുവൻ ക്രഷർ യൂണിറ്റുകളെയും ക്വാറികളേയും സംബന്ധിച്ചുള്ള പഠനം നടത്തുവാനുള്ള മനുഷ്യശേഷി സെസ്സിനില്ലെന്നും സമിതി മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ വിദ്യാസമ്പന്നരായ യുവജനങ്ങളെ ഉൾപ്പെടുത്തി ക്വാറികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പരിസ്ഥിതി ആഘാത പഠനം സെസ്സിന്റെ നേതൃത്വത്തിൽ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. പാറ ഖനനത്തിനായി വെടിമരുന്ന് ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് എക്സ്പ്ലോസീവ് ലൈസൻസ് നൽകുന്നതിനുമുമ്പ് സ്ഥലം എസ്.പി. യുടെ റിപ്പോർട്ട്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ റിപ്പോർട്ട്, ഫയർ ആന്റ് റസ്ക്യൂ സർവ്വീസ്, അഡീഷണൽ ഡിവിഷണൽ ഓഫീസറുടെ റിപ്പോർട്ട് എന്നിവ വാങ്ങുകയും ഈ നാല് ഏജൻസികളും ശിപാർശ ചെയ്യുന്ന കേസ്സുകളിൽ മാത്രം എക്സ്പ്ലോസീവ് ലൈസൻസ് നൽകുകയുമാണ് ചെയ്യുന്നതെന്ന് സമിതിക്ക് വിവരം ലഭിച്ചു. ലൈസൻസ് ലഭിച്ചു കഴിഞ്ഞാൽ, അതിനനുസൃതമായ സ്ഫോടക വസ്തുക്കളാണോ ഉപയോഗിക്കുന്നത്, സ്ഫോടക വസ്തുക്കൾ ക്വാറി ഉടമസ്ഥരുടെ കസ്റ്റഡിയിലാണോ സൂക്ഷിക്കുന്നത്, സ്ഫോടക വസ്തുക്കൾ മുഴുവൻ ക്വാറികളിൽ ഉപയോഗിക്കുന്നുണ്ടോ, അളവിൽ വ്യത്യാസമുണ്ടോ, ശരിയായി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടോ എന്നീ കാര്യങ്ങൾ പരിശോധിക്കുവാൻ യാതൊരു സംവിധാനവും സംസ്ഥാനത്തില്ലെന്നാണ് സമിതിയുടെ കണ്ടെത്തൽ. ഇത് ഗുരുതരമായ ഒരു അവസ്ഥാവിശേഷമാണെന്ന് സമിതി വിലയിരുത്തുന്നു. കേരളത്തിൽ നടന്ന ഭീകര പ്രവർത്തനങ്ങളിൽ പലതിനും സ്ഫോടക വസ്തുക്കൾ ലഭിച്ചത് ക്വാറികളുമായി ബന്ധപ്പെട്ടാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സ്ഫോടക വസ്തുക്ക ളുടെ ഉപയോഗം ലാഘവബുദ്ധിയോടുകൂടി കൈകാര്യം ചെയ്യുന്നത് വളരെ അപകടകരമാണെന്ന് സമിതി ഓർമ്മിപ്പിക്കുന്നു. ആയതിനാൽ ഇക്കാര്യങ്ങൾ പരിശോധി ക്കുവാൻ സംസ്ഥാന പോലീസിലെ എക്സ്പ്ലോസീവ് വിഭാഗത്തിന്റെ ഒരു ടീം മാസത്തി ലൊരിക്കലെങ്കിലും സംസ്ഥാന വ്യാപകമായി ക്വാറികളിൽ പരിശോധന നടത്തുന്നതി നുള്ള വ്യവസ്ഥകൾകൂടി ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. ജനവാസകേന്ദ്രങ്ങളിൽനിന്നും ക്വാറികൾ പാലിക്കേണ്ട ദൂരപരിധിയെക്കുറിച്ച് ഏകീകരിച്ച മാനദണ്ഡമില്ലെന്ന് സമിതി മനസ്സിലാക്കുന്നു. കേന്ദ്ര മൈൻസ് ആക്ട് 500 മീറ്ററും, പൊല്യൂഷൻ കൺട്രോൾ ബോർഡ് 100 മീറ്ററും, ജിയോളജി വകുപ്പ് 50 മീറ്ററുമാണ് നിഷ്ക്കർഷിക്കുന്നത്. തികച്ചും വിഭിന്നങ്ങളായ ഇത്തരം നിബന്ധനകൾ ഉണ്ടാകുന്നത് ഇത് സംബന്ധിച്ച നിയമം നടപ്പാക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നതിനാൽ ഇതിനൊരു ഏകീകരണം ആവശ്യമാണെന്ന് വിലയിരുത്തിയ സമിതി ജനവാസമുള്ള പ്രദേശങ്ങളും ഇല്ലാത്ത പ്രദേശങ്ങളും എന്ന് രണ്ട് കാറ്റഗറിയായി വേർതിരിച്ച് എത്ര ദൂരപരിധി നിശ്ചയിക്കണമെന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകൾ യോജിച്ച് ഒരു ഏകീകരണം ഉണ്ടാക്കണമെന്ന് ശിപാർശ ചെയ്യുന്നു. അതോടൊപ്പം ദൂരപരിധി കണക്കാക്കുന്നത് ജനവാസത്തെ മാത്രം ആശ്രയിച്ചായിരിക്കരുതെന്നും ഭൂപ്രകൃതിയുടെ പ്രത്യേകതകളും അവയുടെ സംരക്ഷണവുംകൂടി ഇക്കാര്യത്തിൽ കണക്കാക്കണമെന്നും ഉപയോഗിക്കാവുന്ന പരമാവധി വിസ്ഫോടനത്തിന്റെ അളവ് എത്രയാണെന്ന് നിശ്ചയിക്കപ്പെടണമെന്നും സമിതി നിർദ്ദേശിക്കുന്നു.

14. മെറ്റൽ ക്രഷർ യൂണിറ്റുകളിൽ നിന്നുള്ള ശബ്ദമലിനീകരണം, പൊടിശല്യം എന്നിവ നിയന്ത്രിക്കുന്നതിനായി മലിനീകരണനിയന്ത്രണ ബോർഡ് സ്വീകരിച്ചുവരുന്ന നടപടികൾ സമിതിയുടെ തെളിവെടുപ്പുയോഗത്തിൽ വ്യക്തമാക്കപ്പെട്ടു. 150 മീറ്റർ ചുറ്റളവിൽ വീടുകളില്ലെങ്കിൽ മാത്രമേ മലിനീകരണനിയന്ത്രണ ബോർഡ് ക്രഷറുകൾക്ക് അനുവാദം നൽകൂ എന്നാണ് വ്യവസ്ഥ. നേരത്തെ പ്രവർത്തിച്ചുവരുന്ന സ്ഥലങ്ങളിൽ പ്രസ്തുത നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ നിർദ്ദേശിക്കുകയാണ് ചെയ്യുന്നത്. ജനവാസകേന്ദ്രത്തിൽ നിന്നുള്ള ഏറ്റവും ചുരുങ്ങിയ ദൂരപരിധി 150 മീറ്ററാണെങ്കിൽ 40 സെന്റീമീറ്റർ കനത്തിൽ ഭിത്തി കെട്ടി അടച്ച് അതിനകത്തായിരിക്കണം ക്രഷർ പ്രവർത്തിപ്പിക്കേണ്ടത്. അതേസമയം ദൂരപരിധി 250 മീറ്റർ വരെയാണെങ്കിൽ 23 സെന്റീമീറ്റർ കനത്തിലുള്ള ഭിത്തിയാണ് പണിയേണ്ടത്. ഇത്തരം നിബന്ധനകളാണ് ശബ്ദമലിനീകരണം ഒഴിവാക്കുന്നതിനുവേണ്ടി വ്യവസ്ഥ ചെയ്തിരിക്കുന്നത്. കൂടാതെ എല്ലാ ഉപകരണങ്ങളും പൂർണ്ണമായും അടച്ച കെട്ടിടത്തിനകത്തായിരിക്കണം വയ്ക്കേണ്ടത്, പൊടിശല്യം കുറയ്ക്കുന്നതിനു വേണ്ടി വാട്ടർ സ്പ്രിങ്ക്ളർ ഉപയോഗിച്ച് വെള്ളം തളിക്കണം, യൂണിറ്റിന്റെ അകം മുഴുവനും ടാർ ചെയ്തോ സിമന്റിട്ടോ പൊടി പറക്കാത്ത രീതിയിലാക്കണം തുടങ്ങിയ കാര്യങ്ങൾ പാലിച്ചാലാണ് മലിനീകരണ നിയന്ത്രണ ബോർഡ് ലൈസൻസ് കൊടുക്കുന്നത്. കൂടാതെ മൂന്നുമാസത്തിലൊരിക്കൽ ബോർഡ് ഡസ്റ്റ് മോണിറ്റർ ചെയ്യുന്നുണ്ടെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അറിയിച്ചു. മലിനീകരണനിയന്ത്രണ ബോർഡിന്റെ നിബന്ധനകൾ പാലിച്ചാൽ പരിസ്ഥിതിക്കോ, ജനങ്ങൾക്കോ യാതൊരു വിധത്തിലുമുള്ള ശല്യവും കൂടാതെ ക്രഷർ യൂണിറ്റുകൾ പ്രവർത്തിപ്പിക്കാവുന്നതാണെന്നും നിബന്ധനകൾ കർശനമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണെന്നും മലിനീകരണനിയന്ത്രണ ബോർഡ് സമിതിയെ അറിയിച്ചു. എന്നിരുന്നാലും സംസ്ഥാനത്തെ എല്ലാ മെറ്റൽ ക്രഷർ യൂണിറ്റുകളും മേൽപ്പറഞ്ഞ നിബന്ധനകൾ പാലിച്ചുകൊണ്ടാണ് പ്രവർത്തിച്ചുവരുന്നത് എന്ന് സമിതി കരുതുന്നില്ല. ആയതിനാൽ എല്ലാ മെറ്റൽ ക്രഷർ യൂണിറ്റുകളിലെയും മലിനീകരണനിയന്ത്രണ സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് മലിനീകരണനിയന്ത്രണ ബോർഡ് ഉറപ്പുവരുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

15. പല ക്വാറികളും പ്രവർത്തിക്കുന്ന സ്ഥലങ്ങളിലെ പഞ്ചായത്ത് റോഡുകൾ വളരെ കനം കുറച്ചാണ് ടാർ ചെയ്തിരിക്കുന്നത്. വൻലോഡുകൾ കയറ്റിയ വാഹനങ്ങൾ അതിലേ കടന്നുപോകുന്നതുമൂലം റോഡ് മുഴുവനും ഇളകി പോകുന്ന അവസ്ഥ സർവ്വസാധാരണയാണ്. ഇങ്ങനെയുള്ള കാര്യങ്ങളിലും ക്വാറി ഉടമകൾക്ക് ഉത്തരവാദിത്വം ഉണ്ടെന്നാണ് നിയമവ്യവസ്ഥ. ആയതിനാൽ 8 മീറ്ററിൽ കുറഞ്ഞ വീതിയുള്ള റോഡുകളിൽ 10 ടണ്ണിനു മുകളിൽ കപ്പാസിറ്റിയുള്ള വാഹനങ്ങൾ സഞ്ചരിക്കുന്നത് നിരോധിക്കണമെന്നും വാഹനങ്ങളിൽ കൊണ്ടുപോകുന്ന വസ്തുക്കൾ പൂർണ്ണമായും മൂടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ പരിശോധനകൾ നടത്തണമെന്നും ക്വാറികളുടെ പ്രവർത്തനംമൂലം പൊതുസ്വത്ത് നശിക്കാൻ ഇടവരരുതെന്നും അങ്ങനെ സംഭവിച്ചാൽ നഷ്ടം പരിഹരിക്കുന്നതിന് ക്വാറി ഉടമകളെ ചുമതലപ്പെടുത്തുന്ന നിയമ വ്യവസ്ഥ കർശനമായി നടപ്പിലാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം ഖനനാനുമതി നൽകുന്നതിനുമുമ്പ്തന്നെ മാലിന്യനിർമ്മാർജ്ജനത്തിനും പ്രകൃതി നാശം കുറയ്ക്കുന്നതിനുമുള്ള രൂപരേഖ വാങ്ങി പരിശോധിക്കുകയും ഇക്കാര്യങ്ങൾ കാര്യക്ഷമമായി നടത്തുന്നുവെന്ന് ഉറപ്പുവരുത്തുകയും ക്വാറി പ്രവർത്തനംമൂലം ഉണ്ടാകുന്ന പൊതുമുതൽ നഷ്ടം ഉടമകളിൽനിന്നുതന്നെ ഇടാക്കുന്നതുമായി ബന്ധപ്പെട്ട് ലൈസൻസ് നൽകുന്ന അവസരത്തിൽത്തന്നെ ക്വാറിയുടമകളിൽനിന്നും ഒരു നിശ്ചിത തുക ഡെപ്പോസിറ്റായി വാങ്ങത്തക്കവിധത്തിൽ നിർദ്ദിഷ്ട നിയമത്തിൽ ഒരു വ്യവസ്ഥ ഉൾപ്പെടുത്തുകയും അത് കർശനമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. നിബന്ധനകൾക്ക് വിധേയമായി ലൈസൻസ് ലഭിച്ചുകഴിഞ്ഞാൽ പാറമടകൾ പ്രവർത്തിക്കുന്നത് പ്രസ്തുത നിയമം അനുസരിച്ച് തന്നെയാണോ എന്ന് പരിശോധിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പ് സംവിധാനം ഒരുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കരിങ്കൽ ക്വാറികളിൽ മൈനിംഗ് നടത്തുമ്പോൾ സ്ഫോടക വസ്തുക്കൾ മിതമായി ഉപയോഗിക്കണമെന്നും കൂടുതൽ വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളെ ഉപയോഗിച്ച് സൂക്ഷ്മതയോടെ ഖനന പ്രവർത്തനങ്ങൾ നടത്തണമെന്നും ഇത് സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കണമെന്നും ക്വാറി ഉടമകൾക്ക് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു:

17. മുകളിൽ സൂചിപ്പിക്കപ്പെട്ട വ്യവസ്ഥകൾക്കുപുറമെ താഴെപ്പറയുന്ന കാര്യങ്ങൾ കൂടി ഖനനാനുമതി നൽകുന്ന കാര്യത്തിൽ പരിഗണിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(i) ഖനനത്തിനുപയോഗിക്കാവുന്ന ഉപകരണങ്ങളുടെയും സ്ഫോടക വസ്തുക്കളുടെയും സൂക്ഷ്മ വിവരങ്ങളും നീക്കം ചെയ്യാവുന്ന അളവ് ഖനിജത്തിന്റെ കണക്കും ഉൾപ്പെടെയുള്ള വിശദാംശങ്ങളടങ്ങുന്ന ഒരു കരാർ അനുമതി പത്രത്തിന്റെ ഭാഗമാക്കുകയും പ്രസ്തുത കരാർ പാലിക്കപ്പെടാത്തപക്ഷം നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുക.

(ii) ഖനനം ചെയ്യുമ്പോൾ നീക്കുന്ന ടോപ്പ് സോയിലും ഓവർ ബർഡനും വിൽക്കാതെ സൂക്ഷിച്ചുവച്ചിട്ട് മൈനിംഗ് കഴിഞ്ഞ് കുഴിയായ പ്രദേശത്തിന്റെ 10% ഏരിയ വാട്ടർ സ്റ്റോറേജായി ഉപയോഗിച്ചതിനുശേഷം ബാക്കിഭാഗം ഈ

മണ്ണ് ഉപയോഗിച്ച് നികത്തി അവിടെ തദ്ദേശീയമായിട്ടുള്ള സസ്യങ്ങൾ വച്ചുപിടിപ്പിക്കണം എന്ന വ്യവസ്ഥ നിർബന്ധമാക്കുക.

(iii) മൈനിംഗിനായി മരങ്ങൾ നശിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ 10 ഇരട്ടിയെങ്കിലും നട്ടുപിടിപ്പിക്കുന്നതിനുള്ള നടപടി (ഇക്കോ റീസ്റ്റോറേഷൻ) ഖനനം നടത്തുന്നവരെക്കൊണ്ട് നടപ്പാക്കുക.

(iv) ചരിഞ്ഞ പ്രദേശത്ത് ഖനനത്തിന് അനുമതി നൽകുമ്പോൾ ബഞ്ച് കട്ടിംഗ് രീതിയിൽ ഖനനം നടത്തുന്നുവെന്ന് ഉറപ്പാക്കുക.

(v) ഖനന സ്ഥലങ്ങളിൽനിന്നും പാറയുടെ പൊടി ഒഴുകി അടുത്തുള്ള കൃഷിയിടങ്ങൾ, അരുവികൾ, മറ്റ് ജലാശയങ്ങൾ എന്നിവിടങ്ങളിൽ ചെന്നു ചേരുന്നതൊഴിവാക്കുവാൻ പാറമടകളിൽനിന്നും വെള്ളം ഒലിച്ചുപോകുന്നതിന് കാര്യക്ഷമമായ ഡ്രെയിനേജ് സംവിധാനം സ്ഥാപിച്ചിട്ടുണ്ടെന്നും ഇതിനായി രണ്ട് സൈഡിലുള്ള ഓടവഴി വെള്ളം ഒരു വലിയ ടാങ്കിലെത്തിച്ച് ശുദ്ധീകരിച്ചതിനുശേഷം സ്പിൽ ഓവർ ആകുന്നവെള്ളം മാത്രമേ പുറത്തേക്ക് പോകുന്നുള്ളൂവെന്ന് ഉറപ്പാക്കുക.

(vi) ശബ്ദമലിനീകരണം തടയുന്നതിനും പൊടിശല്യം കുറയ്ക്കുന്നതിനുമായി ആധുനികസാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നൂതന മാർഗ്ഗങ്ങൾ അവലംബി ക്കേണ്ടതാണെന്നും അത് പ്രാവർത്തികമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. പ്രാദേശിക തലത്തിലുള്ള അതിശക്തമായ നിരീക്ഷണസംവിധാനം ഉറപ്പാക്കിയാൽ മാത്രമേ അനിയന്ത്രിത പാറ ഖനനം പോലുള്ള പാരിസ്ഥിതികശോഷണപ്രവർത്തനങ്ങൾ നിയന്ത്രിക്കുവാൻ കഴിയൂ എന്ന് സമിതി വിലയിരുത്തുന്നു. എന്നാൽ ഇക്കാര്യത്തിൽ സജീവമായി പ്രവർത്തിക്കേണ്ട പരിസ്ഥിതി വകുപ്പിന് ജില്ലാതലത്തിലോ മറ്റേതെങ്കിലും തലത്തിലോ നിലവിൽ ഉദ്യോഗസ്ഥ സംവിധാനങ്ങളുമില്ല. സംസ്ഥാന പരിസ്ഥിതി നയം പുതുക്കുന്നതിന്റെ ഭാഗമായി പാരിസ്ഥിതിക നാശം ഉണ്ടാക്കുന്നതും പാരിസ്ഥിതിക നിയമവ്യവസ്ഥകൾ ലംഘിക്കുന്നതുമായ സംഭവങ്ങൾ തടയുന്നതിനായി സംസ്ഥാനത്ത് ഒരു പരിസ്ഥിതി പോലീസ് സംവിധാനം ഉണ്ടാക്കണമെന്ന നിർദ്ദേശം തത്വത്തിൽ അംഗീകരിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഈ സംവിധാനം നിലവിൽവരുന്നപക്ഷം അനധികൃത ക്വാറികളെ കണ്ടെത്താനും ഫലപ്രദമായി തടയാനും സാധിക്കുന്നതാണ്. ആയതിനാൽ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് കരുത്തുപകരുന്നതും അനുദിനം ശക്തിപ്രാപിച്ചുവരുന്നതുമായ നിർമ്മാണമേഖല, ക്വാറികളിലും അനുബന്ധ രംഗങ്ങളിലും ജോലി ചെയ്യുന്നവരുടെ ഉപജീവനമാർഗ്ഗം, സുരക്ഷ, ആരോഗ്യം, പ്രകൃതിയുടെ സന്തുലിതാവസ്ഥ, ഇതര സാമൂഹ്യ പ്രശ്നങ്ങൾ എന്നിവയെല്ലാം കണക്കിലെടുത്തുകൊണ്ടാണ് പാറഖനനത്തിന് അനുമതി നൽകുന്നത് എന്ന് ബന്ധപ്പെട്ടവർ ആവർത്തിച്ചാവർത്തിച്ച് അവകാശപ്പെടുന്നുവെങ്കിലും ഇക്കാര്യത്തിൽ അവശ്യം പാലിക്കേണ്ട ഒട്ടേറെ നിബന്ധനകൾ പലപ്പോഴും വിസ്മരിക്കപ്പെടുന്നു എന്ന

യാഥാർത്ഥ്യം എല്ലാപേരും ഉൾക്കൊള്ളേണ്ടതായിട്ടുണ്ട്. സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കൊപ്പം പ്രകൃതി സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി സംസ്ഥാനത്തെ ക്വാറികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിച്ച് പ്രവർത്തനങ്ങൾ നിയമാനുസൃതം നടക്കുന്നുവെന്ന് ഉറപ്പുവരുത്തേണ്ടത് സംസ്ഥാനസർക്കാരിൽ നിക്ഷിപ്തമായ ഒരു ചുമതലയാണെന്നും ആയത് നിഷ്പക്ഷവും നീതിപൂർവ്വകവുമായി നിർവ്വഹിച്ചു എന്ന് ഉറപ്പുവരുത്തുവാൻ ബന്ധപ്പെട്ട വകുപ്പുകൾ ഉണർന്ന് പ്രവർത്തിക്കണമെന്നും സമിതി ആഹ്വാനം ചെയ്യുന്നു.

സി. പി. മുഹമ്മദ്,
*ചെയർമാൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 മേയ് 14.

1084/2014.

അനുബന്ധം I

(ഖണ്ഡിക 2)

## ക്വാറി-ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് സമിതിക്ക് ലഭിച്ച നിവേദനങ്ങൾ

1. കോട്ടയം ജില്ലയിലെ വെള്ളാവൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്വാറി ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. തോമസ് കുട്ടി, കാവുങ്കൽ മുതൽപേർ.

   (ഫയൽ നമ്പർ 3170/പരി1/07/നി.സെ.)

2. വയനാട് ജില്ലയിലെ പടിഞ്ഞാറെത്തറ നരിപ്പാറ അത്താണി ക്വാറിയും ക്രഷർ യൂണിറ്റും ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. പി. പി. ചാക്കോ, ചെയർമാൻ, നരിപ്പാറ സർവ്വകക്ഷി ആക്ഷൻ കമ്മിറ്റി.

   (ഫയൽ നമ്പർ 3171/പരി1/07/നി.സെ.)

3. ഏറനാട് പെരകമണ്ണ വില്ലേജിലെ ക്വാറികളും ക്രഷറുകളുമുയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. സുരേഷ് കുമാർ, സർവൈവൽ യൂത്ത് മൂവ്മെന്റ്, മലപ്പുറം.

   (ഫയൽ നമ്പർ 3981/പരി1/07/നി.സെ.)

4. അനധികൃത മെറ്റൽ ക്രഷറിനെതിരെയും ഗുണ്ടാ ആക്രമണം തടയുന്നതിനും ഇടപെടണമെന്നാവശ്യപ്പെട്ട് ശ്രീ. ഫ്രാൻസിസ് ഞാളിയൻ, എറണാകുളം.

   (ഫയൽ നമ്പർ 2286/പരി1/08/നി.സെ.)

5. കരിങ്കൽ ക്വാറികൾ പ്രവർത്തിക്കാനാവശ്യമായ നിയമങ്ങളുടെ ലംഘനവും പ്രത്യാഘാതങ്ങളും സംബന്ധിച്ച് ശ്രീ. തോമസ് അമ്പലവയൽ, സെക്രട്ടറി, വയനാട് പ്രകൃതി സംരക്ഷണ സമിതി സമർപ്പിച്ച നിവേദനം.

   (ഫയൽ നമ്പർ 6012/പരി1/09/നി.സെ.)

6. വയനാട് ഫാന്റം റോക്കിന് സമീപമുള്ള കരിങ്കൽ ക്വാറികളുടെ പ്രവർത്തനം നിയന്ത്രിക്കണമെന്നാവശ്യപ്പെട്ട് അമ്പലവയൽ ആറാട്ടുപുഴ പ്രദേശവാസികൾ സമർപ്പിച്ച പരാതി.

   (ഫയൽ നമ്പർ 6046/പരി1/09/നി.സെ.)

7. മാനിവയൽ ജംഗ്ഷനടുത്ത് പ്രവർത്തിക്കുന്ന ക്രഷർ യൂണിറ്റിന്റെ പ്രവർത്തനം നിയന്ത്രിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ചിന്നമ്മ കുന്നത്ത് മുതൽപേർ, വയനാട് സമർപ്പിച്ച പരാതി.

   (ഫയൽ നമ്പർ 6049/പരി1/09/നി.സെ.)

8. ആവോലിമലയിൽ പ്രവർത്തിക്കുന്ന പാറമടയും ക്രഷർ യൂണിറ്റും ഉണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. ജോർജ്ജ് സെബാസ്റ്റ്യൻ, പത്തനംതിട്ട.

(ഫയൽ നമ്പർ 1585/പരി1/12/നി.സെ.)

9. അമിറ്റി റോക്ക് പ്രോഡക്ട്സിനെ സംബന്ധിച്ച് ശ്രീ. എബ്രഹാം കെ. തോമസ്, അമിറ്റി റോക്ക് പ്രോഡക്ട്സ്, കോട്ടാങ്ങൽ, പത്തനംതിട്ട.

(ഫയൽ നമ്പർ 5020/പരി1/12/നി.സെ.)

10. കരിംകുറ്റിയിലെ പാറഖനനം നിരോധിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. കെ. മോഹനൻ, അമ്പലവയൽ സമർപ്പിച്ച പരാതി.

(ഫയൽ നമ്പർ 5773/പരി1/12/നി.സെ.)

11. പാറഖനനം നിരോധിക്കണമെന്നാവശ്യപ്പെട്ട് മണിയങ്കല്ല് നിവാസികൾ, എറണാകുളം സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 1184/പരി1/13/നി.സെ.)

12. ഒറ്റപ്പാലം കണിയാരക്കുന്നിലെ കരിങ്കൽ ഖനനം തടയണമെന്നാവശ്യപ്പെട്ട് പ്രദേശവാസികൾ സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 3181/പരി1/13/നി.സെ.)

13. കരിങ്കൽ ക്വാറിയും ക്രഷർ യൂണിറ്റുംമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് വയനാട് പടിഞ്ഞാറെത്തറ പഞ്ചായത്തിൽ നരിപ്പാറ നിവാസികൾ സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 12896/പരി2/05/നി.സെ.)

14. സ്റ്റോൺ ക്രഷർ സ്ഥാപിക്കുന്നതുമൂലമുള്ള പരിസര മലിനീകരണം സംബന്ധിച്ച് ശ്രീ. സന്തോഷ്, ഉളിക്കൽ ഗ്രാമപഞ്ചായത്ത്, കണ്ണൂർ സമർപ്പിച്ച പരാതി.

(ഫയൽ നമ്പർ 15162/പരി2/08/നി.സെ.)

15. പാറഖനനംമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. ബേബി, പ്രസിഡന്റ്, കുന്നത്തൂർ പനന്തോപ്പ് പൗരസമിതി, കൊല്ലം സമർപ്പിച്ച പരാതി.

(ഫയൽ നമ്പർ 910/പരി2/07/നി.സെ.)

16. മെറ്റൽ ക്രഷറും കരിങ്കൽ ക്വാറിയും പ്രവർത്തിക്കുന്നതുമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. സി. കെ. സ്റ്റീഫൻ, വെള്ളമുണ്ട, വയനാട് സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 3249/പരി2/07/നി.സെ.)

17. പീരുമേട് വില്ലേജിൽ അനധികൃതമായി പ്രവർത്തിക്കുന്ന മെറ്റൽ ക്രഷർമൂലമുളള പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. കെ. എൻ. ഷാജി, ഇടുക്കി സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 1491/പരി2/08/നി.സെ.)

18. അമ്പലവയൽ പഞ്ചായത്തിലെ മെറ്റൽ ക്രഷറിന് നിയന്ത്രണം ഏർപ്പെടുത്തണമെന്നതു സംബന്ധിച്ച് വയനാട് പ്രതികരണവേദി സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 6016/പരി2/09/നി.സെ.)

19. അമ്പലവയൽ മേഖലയിലെ അനധികൃത ക്വാറികളുടെ പ്രവർത്തനത്തിന് മൗനാനുവാദം നൽകുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. വിനു ഐസക്, അമ്പുകുത്തി സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 6038/പരി2/09/നി.സെ.)

20. അമ്പലവയലിലെ അനധികൃത കരിങ്കൽ ക്വാറികളും മണൽ ഖനനവും തടയണമെന്നാവശ്യപ്പെട്ട് ഇന്ത്യൻ നാഷണൽ കോൺഗ്രസ് (ഐ) അമ്പലവയൽ മണ്ഡലം കമ്മിറ്റി സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 6044/പരി2/09/നി.സെ.)

21. അമ്പലവയൽ പഞ്ചായത്തിലെ ക്വാറി, ക്രഷർ യൂണിറ്റുകളുടെ പ്രവർത്തനംമൂലമുണ്ടാകുന്ന ഭവിഷ്യത്തുകൾ സംബന്ധിച്ച്.

(ഫയൽ നമ്പർ 6050/പരി2/09/നി.സെ.)

22. പാറഖനനം നിരോധിച്ച് ഭൂമി സർക്കാർ ഏറ്റെടുക്കുന്നതിനും മലമേൽ എക്കോടൂറിസം പദ്ധതി നടപ്പാക്കുന്നതും സംബന്ധിച്ച് ശ്രീ. ഓടനാവട്ടം വിജയപ്രകാശ്, കൊല്ലം സമർപ്പിച്ച പരാതി.

(ഫയൽ നമ്പർ 1056/പരി2/10/നി.സെ.)

23. സെന്റ് ബെയ്സിൽ ഗ്രാനൈറ്റ് ആന്റ് മെറ്റൽ ക്രഷർ എന്ന സ്ഥാപനംമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ സംബന്ധിച്ച് ശ്രീ. ഫ്രാൻസിസ് ചിതലൻ, പൂവൻചിറ സംരക്ഷണ സമിതി സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 3744/പരി2/10/നി.സെ.)

24. ചെങ്കൽ-കരിങ്കൽ സംബന്ധമായ നിയമങ്ങളുടെ പരിഷ്ക്കരണവും ക്രോഡീകരണവും സംബന്ധിച്ച് ശ്രീ. റഫീഖ് ബാബു, മലപ്പുറം സമർപ്പിച്ച നിവേദനങ്ങൾ.

(ഫയൽ നമ്പർ 1323/പരി2/12/നി.സെ.)

25. തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി, ദേശമംഗലം ഗ്രാമപഞ്ചായത്തിന്റെ 1-ാം വാർഡിൽ നടത്തിവരുന്ന അനധികൃത ക്രഷറിനും ക്വാറിക്കുമെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. അലി, കെ., തൃശ്ശൂർ സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 5063/പരി2/12/നി.സെ.)

26. കണ്ണൂർ ജില്ലയിലെ അയ്യംകുന്ന് ഗ്രാമപഞ്ചായത്തിലെ അനധികൃത ക്വാറികൾക്കെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീമതി ഡെയ്സി മാണി, കണ്ണൂർ ജില്ലാ പഞ്ചായത്ത് മെമ്പർ സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 5336/പരി2/12/നി.സെ.)

27. പശ്ചിമഘട്ട മേഖലയിലെ അനധികൃത ഖനനം സംബന്ധിച്ച് ശ്രീ. വിനോദ് പയ്യട, കോ-ഓർഡിനേറ്റർ, പശ്ചിമഘട്ട സംരക്ഷണ സമിതി, കണ്ണൂർ സമർപ്പിച്ച പഠനറിപ്പോർട്ട്.

(ഫയൽ നമ്പർ 4905/പരി2/13/നി.സെ.)

28. പാറമടയും ക്രഷർ യൂണിറ്റും സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നം സംബന്ധിച്ച് കൊമ്പനോലിൽ ആക്ഷൻ കൗൺസിൽ, പത്തനംതിട്ട സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 9469/പരി3/2000/നി.സെ.)

29. വയനാട് കുപ്പമുടി എസ്റ്റേറ്റിനോട് ചേർന്നുള്ള റവന്യൂ വനഭൂമിയുടെ കാട് വെട്ടിനശിപ്പിച്ച് കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നതുമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് വയനാട് പ്രകൃതിസംരക്ഷണ സമിതി സമർപ്പിച്ച പരാതി.

(ഫയൽ നമ്പർ 11941/പരി3/03/നി.സെ.)

30. പത്തനംതിട്ട റാന്നി വടശ്ശേരിക്കര പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അക്ഷയ ക്രഷർ യൂണിറ്റിനെതിരെ പരിസരവാസികൾ സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 5202/പരി3/06/നി.സെ.)

31. പരിസ്ഥിതിക്ക് ഭീഷണിയായി പ്രവർത്തിക്കുന്ന വയനാട് ജില്ലയിലെ അത്താണി ക്വാറിയും ക്രഷറും അടച്ചുപൂട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ജോയ് വർഗ്ഗീസ് സമർപ്പിച്ച പരാതി.

(ഫയൽ നമ്പർ 3824/പരി3/08/നി.സെ.)

32. വയനാട് ജില്ലയിൽ ക്വാറികളിൽ ഖനനം നടത്തുമ്പോൾ ഉണ്ടാകുന്ന സ്ഫോടനത്തിന്റെ ശക്തി കുറയ്ക്കണമെന്നാവശ്യപ്പെട്ട് ബി.ജെ.പി. അമ്പലവയൽ പഞ്ചായത്ത് കമ്മിറ്റി സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 6042/പരി3/09/നി.സെ.)

33. കൊല്ലം ജില്ലയിൽ ആദിച്ചനല്ലൂർ വില്ലേജിൽ പ്രവർത്തിക്കുന്ന പ്രീമിയർ മെറ്റൽ ക്രഷറിന്റെ പ്രവർത്തനം നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സ്ഥലവാസികൾ സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 1067/പരിദ/10/നി.സെ.)

34. പാലക്കാട് ജില്ലയിൽ ഒറ്റപ്പാലം താലൂക്കിൽ പ്രവർത്തിക്കുന്ന ക്രസന്റ് ഗ്രാനൈറ്റ് പ്രോഡക്ട്സിന്റെ പ്രവർത്തനം നിർത്തിവയ്പ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. വീരാൻകുട്ടി, പാലക്കാട് സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 2618/പരിദ/10/നി.സെ.)

35. കൊല്ലം ജില്ലയിലെ കരീപ്ര, വെളിയം പഞ്ചായത്തുകളിലെ അനധികൃത പാറഖനനം സംബന്ധിച്ച് ശ്രീ. സുരേഷ്കുമാർ, ആർ., കൊല്ലം സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 3057/പരിദ/10/നി.സെ.)

36. കാലഹരണപ്പെട്ട മൈനിംഗ് നിയമങ്ങൾ പരിഷ്ക്കരിച്ച് വീടുകളും പാറമടയും തമ്മിലുള്ള അകലം 300 മീറ്റർ ആക്കണമെന്നാവശ്യപ്പെട്ട് ഉള്ളനാട് വേഴാംഗനം സിറ്റിസൺ ഫോറം സെക്രട്ടറി, കോട്ടയം സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 626/പരിദ/12/നി.സെ.)

37. ചിതറ ഗ്രാമപഞ്ചായത്തിൽ ക്രഷർ ക്വാറി യൂണിറ്റുകൾക്ക് അനുമതി നൽകരുതെന്നാവശ്യപ്പെട്ട് ശ്രീ. എസ്. നിയാസ്, കൊല്ലം സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 2163/പരിദ/12/നി.സെ.)

38. അനധികൃത ക്രഷർ, ക്വാറി, എം.സാന്റ് പ്രവർത്തനങ്ങൾക്കെതിരെ ചെറിയവെളിനല്ലൂർ, അർക്കന്നൂർ, കാരാളിക്കോണം മേഖലാ പൗരസമിതി, കൊല്ലം സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 4573/പരിദ/13/നി.സെ.)

39. അനധികൃത പാറഖനനം തടയുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശാസ്താംപാറ സംരക്ഷണ സമിതി, മണവാരി, കോഴിക്കോട്, നെയ്യാറ്റിൻകര സമർപ്പിച്ച നിവേദനം.

(ഫയൽ നമ്പർ 4701/പരിദ/13/നി.സെ.)

അനുബന്ധം II

(ഖണ്ഡിക 5)

LIST OF GRANITE QUARRIES IN KERALA

(മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടറുടെ 21-10-2013-ലെ 9221/എം4/2013 കത്തിനോടൊപ്പം ലഭിച്ചത്)

| *Sl. No.* | *District* | *Taluk* | *No. of Quarries* | | *Total* |
|---|---|---|---|---|---|
| | | | *CRPS* | *Quarrying Lease* | |
| (1) | (2) | (3) | (4) | (5) | (6) |
| 1 | Thiruvananthapuram | 1. Chirayinkeezhu | 39 | 7 | 46 |
| | | 2. Nedumangadu | 58 | 29 | 87 |
| | | 3. Neyyattinkara | 50 | 15 | 65 |
| | | 4. Thiruvananthapuram | 15 | 6 | 21 |
| | | 5. Perungadavila | | 1 | 1 |
| | | Total | 162 | 58 | 220 |
| 2 | Kollam | 1. Kottarakkara | 98 | 12 | 110 |
| | | 2. Pathanapuram | 11 | 1 | 12 |
| | | 3. Kollam | | 1 | 1 |
| | | Total | 109 | 14 | 123 |
| 3 | Pathanamthitta | 1. Adoor | 21 | 11 | 32 |
| | | 2. Mallappally | 22 | 5 | 27 |
| | | 3. Ranni | 14 | 14 | 28 |
| | | 4. Thiruvalla | | 9 | 9 |
| | | 5. Kozhencheri | 16 | 8 | 24 |
| | | Total | 73 | 47 | 120 |
| 4 | Kottayam | 1. Kottayam | 25 | 7 | 32 |
| | | 2. Meenachil | 72 | 20 | 92 |
| | | 3. Changanassery | 22 | 4 | 26 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| | | 4. Kanjirappally | 25 | 8 | 33 |
| | | 5. Vaikkom | 8 | 2 | 10 |
| | | Total | 152 | 41 | 193 |
| 5 | Alappuzha | Nil | Nil | Nil | Nil |
| 6 | Idukki | 1. Peerumedu | 15 | 5 | 20 |
| | | 2. Thodupuzha | 38 | 11 | 49 |
| | | 3. Udumpanchola | 29 | 9 | 38 |
| | | 4. Devikulam | 12 | 2 | 14 |
| | | Total | 94 | 27 | 121 |
| 7 | Eranakulam | 1. Muvattupuzha | 85 | 41 | 126 |
| | | 2. Aluva | 69 | 17 | 86 |
| | | 3. Kunnathunadu | 47 | 27 | 74 |
| | | 4. Kothamangalam | 44 | 17 | 61 |
| | | 5. Kanayannoor | 2 | .. | 2 |
| | | 6. Mulavoor | 1 | | 1 |
| | | Total | 248 | 102 | 350 |
| 8 | Thrissur | 1. Mukundapuram | 77 | 17 | 94 |
| | | 2. Thrissur | 33 | 24 | 57 |
| | | 3. Thalappilly | 79 | 19 | 98 |
| | | Total | 189 | 60 | 249 |
| 9 | Palakkad | 1. Alathur | 30 | 9 | 39 |
| | | 2. chittur | 26 | 4 | 30 |
| | | 3. Palakkad | 9 | 7 | 16 |
| | | 4. Ottappalam | 60 | 14 | 74 |
| | | 5. Mannarkad | 41 | 4 | 45 |
| | | Total | 166 | 38 | 204 |

| (1) | (2) | (3) | (4) | (5) | (6) |
|---|---|---|---|---|---|
| 10 | Malappuram | 1. Ernad | 10 | 17 | 27 |
| | | 2. Perinthalmanna | 1 | 4 | 5 |
| | | 3. Thirurangady | 2 | 3 | 5 |
| | | 4. Nilampur | | 1 | 1 |
| | | Total | 13 | 25 | 38 |
| 11 | Kozhikode | 1. Vadakara | 50 | 5 | 55 |
| | | 2. Kozhikode | 146 | 9 | 155 |
| | | 3. Quilandy | 65 | 7 | 72 |
| | | Total | 261 | 21 | 282 |
| 12 | Kannur | 1. Thalasseri | 79 | 15 | 94 |
| | | 2. Thaliparambu | 105 | 24 | 129 |
| | | 3. Kannur | 3 | 6 | 9 |
| | | Total | 187 | 45 | 232 |
| 13 | Wayanad | 1. Sulthanbathery | 36 | 1 | 37 |
| | | 2. Vythiri | 15 | 3 | 18 |
| | | 3. Mananthavady | 13 | 2 | 15 |
| | | Total | 64 | 6 | 70 |
| 14 | Kasargod | 1. Hosdurg | 67 | 2 | 69 |
| | | 2. Kasargod | 36 | 1 | 37 |
| | | Total | 103 | 3 | 106 |
| | | Grand Total | **1821** | **487** | **2308** |

(Sd.)

*DIRECTOR OF MINING & GEOLOGY.*

1084/2014.

## കരിങ്കൽ/ചെങ്കൽ ക്വാറികളുടെ എണ്ണം (താലൂക്ക് തിരിച്ച്)

[മൈനിംഗ് ആന്റ് ജിയോളജി ഡയറക്ടറുടെ 15-1-2014-ലെ 9221/ എം4/2013 നമ്പർ കത്തിനോടൊപ്പം ലഭിച്ചത്]

| *നമ്പർ* | *ജില്ല* | *താലൂക്ക്* | *കരിങ്കൽ ക്വാറികളുടെ എണ്ണം* | | *ചെങ്കൽ ക്വാറികളുടെ എണ്ണം* | *ആകെ* |
|---|---|---|---|---|---|---|
| | | | *CRPS* | *QL* | *CRPS* | |
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | തിരുവനന്തപുരം | 1. തിരുവനന്തപുരം | 15 | 10 | .. | |
| | | 2. ചിറയിൻകീഴ് | 31 | 15 | 7 | |
| | | 3. നെടുമങ്ങാട് | 62 | 47 | .. | |
| | | 4. നെയ്യാറ്റിൻകര | 46 | 25 | .. | |
| | | ആകെ | 154 | 97 | 7 | 258 |
| 2 | കൊല്ലം | 1. കൊല്ലം | .. | 1 | 16 | |
| | | 2. കൊട്ടാരക്കര | 70 | 12 | 38 | |
| | | 3. പത്തനാപുരം | 11 | 1 | .. | |
| | | 4. കുന്നത്തൂർ | .. | .. | 1 | |
| | | 5. കരുനാഗപ്പള്ളി | .. | .. | 1 | |
| | | ആകെ | 81 | 14 | 56 | 151 |
| 3 | പത്തനംതിട്ട | 1. അടൂർ | 25 | 20 | 6 | |
| | | 2. കോഴഞ്ചേരി | 19 | 16 | .. | |
| | | 3. മല്ലപ്പള്ളി | 25 | 9 | .. | |
| | | 4. തിരുവല്ല | .. | 10 | 1 | |
| | | 5. റാന്നി | 14 | 18 | .. | |
| | | ആകെ | 83 | 73 | 7 | 163 |
| 4 | കോട്ടയം | 1. ചങ്ങനാശ്ശേരി | 24 | 04 | 3 | |
| | | 2. കാഞ്ഞിരപ്പള്ളി | 26 | 08 | .. | |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| | | 3. മീനച്ചിൽ | 77 | 21 | .. | |
| | | 4. കോട്ടയം | 25 | 07 | 01 | |
| | | 5. വൈക്കം | 10 | 02 | 05 | |
| | | ആകെ | 162 | 42 | 09 | 213 |
| 5 | ആലപ്പുഴ | മാവേലിക്കര | .. | .. | 21 | 21 |
| 6 | എറണാകുളം | 1. ആലുവ | 82 | 18 | 5 | |
| | | 2. കണയന്നൂർ | 2 | 2 | 28 | |
| | | 3. കോതമംഗലം | 50 | 15 | 33 | |
| | | 4. കുന്നത്തുനാട് | 59 | 35 | 16 | |
| | | 5. മൂവാറ്റുപുഴ | 108 | 54 | 2 | |
| | | ആകെ | 301 | 124 | 84 | 509 |
| 7 | ഇടുക്കി | 1. ഉടുമ്പൻചോല | 37 | 17 | .. | |
| | | 2. ദേവികുളം | 15 | .. | .. | |
| | | 3. പീരുമേട് | 16 | 5 | .. | |
| | | 4. തൊടുപുഴ | 49 | 14 | .. | |
| | | ആകെ | 117 | 36 | .. | 153 |
| 8 | തൃശ്ശൂർ | 1. മുകുന്ദപുരം | 81 | 18 | 17 | |
| | | 2. തലപ്പിള്ളി | 85 | 26 | 37 | |
| | | 3. തൃശ്ശൂർ | 33 | 36 | 8 | |
| | | 4. ചാവക്കാട് | .. | .. | 3 | |
| | | 5. കൊടുങ്ങല്ലൂർ | .. | .. | 5 | |
| | | ആകെ | 199 | 80 | 70 | 349 |
| 9 | പാലക്കാട് | 1. ആലത്തൂർ | 36 | 7 | .. | |
| | | 2. ചിറ്റൂർ | 29 | 2 | .. | |
| | | 3. മണ്ണാർക്കാട് | 41 | .. | 8 | |
| | | 4. ഒറ്റപ്പാലം | 66 | 13 | 26 | |
| | | 5. പാലക്കാട് | 8 | 4 | 1 | |
| | | ആകെ | 180 | 26 | 35 | 241 |

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 10 | മലപ്പുറം | 1. ഏറനാട് | 131 | 17 | 207 | |
| | | 2. തിരൂരങ്ങാടി | 15 | 2 | 52 | |
| | | 3. പെരിന്തൽമണ്ണ | 61 | 5 | 141 | |
| | | 4. തിരൂർ | 19 | .. | 146 | |
| | | 5. നിലമ്പൂർ | 21 | 1 | 55 | |
| | | 6. പൊന്നാനി | .. | .. | 11 | |
| | | ആകെ | 247 | 25 | 612 | 884 |
| 11 | കോഴിക്കോട് | 1. കോഴിക്കോട് | 146 | 14 | 113 | |
| | | 2. കൊയിലാണ്ടി | 64 | 3 | 52 | |
| | | 3. വടകര | 50 | 3 | 15 | |
| | | ആകെ | 260 | 20 | 180 | 460 |
| 12 | കണ്ണൂർ | 1. കണ്ണൂർ | 3 | .. | 12 | |
| | | 2. തലശ്ശേരി | 81 | 14 | 192 | |
| | | 3. തളിപ്പറമ്പ് | 108 | 7 | 533 | |
| | | ആകെ | 192 | 21 | 737 | 950 |
| 13 | വയനാട് | 1. വൈത്തിരി | 25 | 3 | .. | |
| | | 2. സുൽത്താൻ ബത്തേരി | 37 | 1 | .. | |
| | | 3. മാനന്തവാടി | 12 | 2 | .. | |
| | | ആകെ | 74 | 6 | .. | 80 |
| 14 | കാസർഗോഡ് | 1. കാസർഗോഡ് | 42 | .. | 210 | |
| | | 2. ഹോസ്ദുർഗ് | 77 | .. | 212 | |
| | | ആകെ | 119 | .. | 422 | 541 |
| | | **ആകെ** | **2169** | **564** | **2240** | **4973** |

(ഒപ്പ്)

*മൈനിംഗ് & ജിയോളജി ഡയറക്ടർ.*

## പഞ്ചായത്ത് വകുപ്പിന്റെ കീഴിലുള്ള പ്രദേശങ്ങളിൽ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ക്വാറികളുടെയും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന ക്വാറികളുടെയും ജില്ലതിരിച്ചുള്ള വിവരങ്ങൾ

[തദ്ദേശസ്വയംഭരണ (ആർ.സി.)വകുപ്പ് സെക്രട്ടറിയുടെ 2-12-2013-ലെ നമ്പർ 72611/ആർ.സി3/2010/ത.സ്വ.ഭ.വ. കത്തിനൊപ്പം ലഭിച്ചത്]

| *ക്രമ നമ്പർ* | *ജില്ലയുടെ പേര്* | *ലൈസൻസോടുകൂടി പ്രവർത്തിക്കുന്നവയുടെ എണ്ണം* | *ലൈസൻസില്ലാതെ പ്രവർത്തിക്കുന്നവയുടെ എണ്ണം* |
|---|---|---|---|
| 1 | തിരുവനന്തപുരം | 68 | 41 |
| 2 | കൊല്ലം | 72 | 38 |
| 3 | പത്തനംതിട്ട | 91 | ഇല്ല |
| 4 | ആലപ്പുഴ | ഇല്ല | ഇല്ല |
| 5 | കോട്ടയം | 43 | 56 |
| 6 | ഇടുക്കി | 97 | 19 |
| 7 | എറണാകുളം | 34 | 59 |
| 8 | തൃശ്ശൂർ | 184 | 71 |
| 9 | പാലക്കാട് | 90 | 23 |
| 10 | മലപ്പുറം | 96 | 38 |
| 11 | കോഴിക്കോട് | 101 | 61 |
| 12 | വയനാട് | 81 | ഇല്ല |
| 13 | കണ്ണൂർ | 24 | 81 |
| 14 | കാസർഗോഡ് | 3 | 18 |
| | ആകെ | 984 | 505 |

### മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശങ്ങളിൽ ലൈസൻസോടെയും ലൈസൻസില്ലാതെയും പ്രവർത്തിക്കുന്ന ക്വാറികളുടെ വിശദവിവരങ്ങൾ

| *ക്രമ നമ്പർ* | *നഗരസഭയുടെ പേര്* | *ക്വാറികളുടെ എണ്ണം* | | | *റിമാർക്സ്* |
|---|---|---|---|---|---|
| | | *ലൈസൻസുള്ളവ* | *അനധികൃതം* | *ആകെ* | |
| 1 | ഒറ്റപ്പാലം | 1 | .. | 1 | .. |
| 2 | തൊടുപുഴ | 1 | .. | .. | അനധികൃതമായി പ്രവർത്തിച്ചിരുന്നത് നിർത്തി വച്ചിട്ടുണ്ട്. |
| 3 | നെടുമങ്ങാട് | 4 | 1 | 5 | അനധികൃത പാറമടകൾക്കെതിരെ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 4 | നെയ്യാറ്റിൻകര | 1 | .. | 1 | അനധികൃതമായി പ്രവർത്തിച്ചിരുന്ന 14 എണ്ണത്തിന്റെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു. |
| 5 | കൽപ്പറ്റ | 5 | .. | 5 | .. |
| 6 | പെരിന്തൽമണ്ണ | 1 | .. | 1 | .. |
| 7 | മലപ്പുറം | 1 | .. | 1 | .. |
| 8 | തൃശൂർ | 6 | 5 | 11 | അനധികൃതമായി പ്രവർത്തിച്ചിരുന്ന 5 എണ്ണം നിർത്തിവയ്ക്കുവാൻ നോട്ടീസ് നൽകിയിട്ടുണ്ട്. |

സംസ്ഥാനത്തെ മറ്റ് നഗരസഭകളിൽ അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നില്ലായെന്ന് നഗരകാര്യ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.